<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഒൻപതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1163

13.6.2013- ൽ
മറുപടിക്ക്

## കയർ ഗ്രാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>,, അൻവർ സാദത്ത്<br>,, ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു കയർ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടു ണ്ടോ എന്ന് വിശദമാക്കു മോ; | (എ) സംസ്ഥാനത്ത് ഒരു മാതൃകാ കയർ ഗ്രാമം ഒരുക്കിയെടുക്കാനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കു മോ; | (ബി) കേരള കയറിനെ അതിന്റെ തനത് രീതിയിൽ അവതരിപ്പിക്കുന്നതിലേയ്ക്കായി ഒരു കയർ ഗ്രാമം രൂപീകരിക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. നാളികേര-ത്തിന്റെ ഉപോല്പന്നമായ തൊണ്ടിൽ നിന്നും ചകിരി വേർപെടുത്തുന്നതു മുതൽ ആകർഷകങ്ങളായ വിവിധയിനം കയറുല്പന്ന-ങ്ങൾ നിർമ്മിക്കുന്നതിലേയ്ക്കായി മനുഷ്യ നിർമ്മിതവും യന്ത്രനിർമ്മിതവുമായ ഒട്ടനവധി പ്രക്രിയകൾ ആവശ്യമായിട്ടുണ്ട്. ഈ പ്രക്രിയകൾ സജ്ജീകരിക്കുന്നതോടൊപ്പം കയറുല്പന്നങ്ങളുടെ വിപണനവും ഇതിലൂടെ ലക്ഷ്യമിടുന്നു. കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന-തിനും ന്യായമായ വേതനം ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യമിടുന്നു. |

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) കേന്ദ്ര സംസ്ഥാന സർക്കാരുകളും കയർ പൊതുമേഖല സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ, സ്വകാര്യ സംരംഭകർ തുടങ്ങി കയർ മേഖലയുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിന്റെ സഹകരണത്തോടു കൂടി പദ്ധതി നടപ്പാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടു-ണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ? | (ഡി) ചേർത്തല താലൂക്ക് പള്ളിപ്പുറം വില്ലേജിൽ വ്യവസായ വകുപ്പിന്റെ കീഴിൽ വേമ്പനാട്ട് കായലിന് അഭിമുഖമായി ഉള്ള 06 ഹെക്ടർ 64 ആർ 04 ച. മീറ്റർ സ്ഥലം പ്രസ്തുത പദ്ധതിയ്ക്കായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത സ്ഥലത്ത് ഉദ്ദേശിച്ച രീതിയിൽ കയർ ഗ്രാമവും എക്സിബിഷൻ സെന്ററും സ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ